**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1794** **20-06-2024 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവകലാശാലകളിൽ പുതുതായി ആരംഭിക്കുന്ന ഫോർ ഇയർ അണ്ടർ ഗ്രാജുവേറ്റ് പ്രോഗ്രാംസ്, മൂന്നോ നാലോ കോഴ്സുകൾ മാത്രമുള്ള ചെറിയ കോളേജുകളിലെ വിദ്യാർത്ഥികളുടെ വിവിധ വിഷയങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശത്തെ ബാധിക്കുമോ; എങ്കിൽ വിദ്യാർത്ഥികളുടെ അവകാശം സംരക്ഷിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നതോടുകൂടി വിദ്യാർത്ഥികൾക്ക് കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള വർദ്ധിച്ച സ്വാതന്ത്ര്യമാണ് കൈവരുന്നത്. തന്റെ മാതൃഡിപ്പാർട്ട്മെൻറ് കോഴ്സുകൾക്ക് പുറമെ കോളേജിലെ മറ്റ് ഡിപ്പാർട്ട്മെൻറ് നടത്തുന്ന കോഴ്സുകൾ, മറ്റ് സർവ്വകലാശാല/കോളേജുകളിലെ കോഴ്സുകൾ, ഓൺലൈൻ കോഴ്സുകൾ എന്നിവ തെരഞ്ഞെടുക്കാനുള്ള അവസരം (ഫ്ലെക്സിബിലിറ്റി) പുതിയ FYUGP കരിക്കുലം പ്രദാനം ചെയ്യുന്നു. |
| (ബി) | മറ്റ് പല വിഷയങ്ങളിലും ബിരുദത്തിന് അനുവദിച്ചിട്ടുള്ള സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ സോഷ്യോളജി പോലുള്ള വിഷയങ്ങൾ പഠിക്കുവാനുള്ള സൗകര്യങ്ങൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ പ്രമുഖ സർവ്വകലാശാലകളിലും തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിലും സോഷ്യോളജി പി.എച്ച്.ഡി പഠനവും, പി.ജി. പഠനവും നിലവിലുണ്ട്. |
| (സി) | കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള ഒരു കോളേജിൽ പോലും സോഷ്യോളജിയിൽ ബിരുദമില്ലാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; കണ്ണൂർ സർവകലാശാലയിൽ സോഷ്യോളജി ബോർഡ് ഓഫ് സ്റ്റഡീസ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോഴാണ് നിലവിൽ വന്നതെന്നും പ്രസ്തുത ബോർഡ്, പുതുക്കിയ മാതൃകയിൽ എത്ര പേപ്പറിന്റെ സിലബസ് തയ്യാറാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | കോളേജ് പ്രിൻസിപ്പാൾമാരിൽ നിന്നും സോഷ്യോളജി പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ സർവ്വകലാശാലയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ് . ലഭിക്കുന്ന അപേക്ഷയുടെ യോഗ്യത പരിശോധിച്ച് കോളേജുകളിൽ പരിശോധന നടത്തി സൗകര്യങ്ങൾ വിലയിരുത്തിയ ശേഷം യോഗ്യമായവ സിൻഡിക്കേറ്റ് അനുമതിയോടുകൂടി സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതാണ് .<br><br>കണ്ണൂർ സർവകലാശാലയിൽ സോഷ്യോളജിക്ക് കംബൈൻഡ് ബോർഡ് ഓഫ് സ്റ്റഡീസ് നിലവിലുണ്ട്. 20/10/2000 നു കണ്ണൂർ സർവകലാശാലയിൽ ആദ്യമായി ബോർഡ് ഓഫ് |

| | | | |
|---|---|---|---|
| | | | സ്റ്റഡീസ് നിലവിൽ വന്നതുമുതൽ സോഷ്യോളജിക്ക് കംബൈൻഡ് ബോർഡ് ഓഫ് സ്റ്റഡീസ് ഉണ്ട്.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി സർവകലാശാല പഠന ബോർഡുകളുടെ നേതൃത്വത്തിൽ പുതുക്കിക്കൊണ്ടിരിക്കുന്ന ബി.എ. സോഷ്യോളജി ഉൾപ്പെടെയുള്ള ബിരുദ പ്രോഗ്രാമുകളുടെ സിലബസുകൾ സൂക്ഷ്മ പരിശോധനക്കും അംഗീകാരത്തിനുമായി സർവകലാശാലയുടെ പരിഗണനയിലാണ്. |
| (ഡി) | ഉത്തര മലബാറിലെ കോളേജുകളിൽ കോഴ്സുകളുടെ എണ്ണക്കുറവിനും വൈവിധ്യക്കുറവിനും കാരണമെന്താണെന്ന് വ്യക്തമാക്കാമോ; അതിലേയ്ക്കായി സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാരനടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ പുതിയ കോഴ്സുകൾ/ അഡീഷണൽ ബാച്ചുകൾ എന്നിവ ആരംഭിക്കുന്നതിനായി സർവകലാശാല സ്റ്റാറ്റ്യൂട്ട് അനുശാസിക്കുന്ന വ്യവസ്ഥകൾ പ്രകാരം അപേക്ഷകൾ ലഭിച്ചാൽ മാത്രമേ ഉചിതമായ നടപടികൾ സ്വീകരിക്കാൻ കഴിയൂ. അപേക്ഷകൾ ലഭിക്കുന്ന മുറക്ക് പ്രസ്തുത വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ് |
| (ഇ) | നിലവിലുള്ള സോഷ്യോളജി കോളേജ് അധ്യാപക ലിസ്റ്റിൽ നിന്ന് എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ (സോഷ്യോളജി) (കാറ്റഗറി നമ്പർ 300/2019) തസ്തികയുടെ നിലവിലെ റാങ്ക് പട്ടികയിൽ നിന്നും നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (എഫ്) | നാലുവർഷ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം പൂർത്തിയാക്കുന്ന വിദ്യാർത്ഥിക്ക് പി.ജി. പഠിക്കാതെ നേരിട്ട് ഗവേഷണ ബിരുദം ചെയ്യാനുള്ള സൗകര്യം പുതിയ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ പല കോളേജുകളിലും പ്രത്യേകിച്ച് കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ മതിയായ സെന്ററുകൾ ലഭ്യമല്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് പ്രസ്തുത പദ്ധതിയുടെ സൗകര്യം ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റിസർച്ച് സെന്ററുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (എഫ്) | നാല് വർഷ ബിരുദ പ്രോഗ്രാമിൻറെ നാലാം വർഷത്തെ optional പാത്ത് വേ ഓണേഴ്സ് വിത്ത് റിസർച്ച്. യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നാല് വർഷ ബിരുദം പൂർത്തിയാക്കുന്നവർക്ക് നേരിട്ട് നിബന്ധനകൾക്ക് വിധേയമായി പി.എച്ച്.ഡി.യ്ക്ക് ചേരാവുന്നതാണ്. യു.ജി.സി റെഗുലേഷന് അനുസൃതമായി സർവ്വകലാശാലകൾക്ക് കോളേജുകളിലെ ഡിപ്പാർമെൻറുകളെ ഗവേഷണ കേന്ദ്രങ്ങളായി അംഗീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ